"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ്‌ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള)-യ്ക്ക് കീഴിൽ നടത്തപ്പെടുന്ന ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ് പഠനത്തിന് ആരോഗ്യ വകുപ്പിന് കീഴിലെ പാലിയേറ്റിവ് കെയർ സെന്ററുകൾ പഠനകേന്ദ്രങ്ങളായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.252/2025/H&FWD   തീയതി, തിരുവനന്തപുരം, 29-01-2025

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31.12.2024 ലെ എം.സി3/27267/2024/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ ഹെൽത്ത് മിഷന്റെ സഹകരണത്തോടെ സ്കോൾ-കേരള ആരംഭിച്ച, ആറു മാസം ദൈർഘ്യമുള്ള റെഗുലർ കോഴ്സായ ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സിന്റെ രണ്ടാം ബാച്ച് മുതൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള പാലിയേറ്റിവ് കെയർ കേന്ദ്രങ്ങൾ പഠനകേന്ദ്രങ്ങളായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള സ്കോൾ- കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് അനുമതിയ്ക്കും മാർഗ നിർദ്ദേശങ്ങൾക്കുമായി പരാമർശം (1) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ അംഗീകരിച്ച കരിക്കുലത്തിന്റെയും പാഠ്യപദ്ധതിയുടെയും അടിസ്ഥാനത്തിൽ ആരംഭിച്ച ഈ കോഴ്സിന്റെ ആദ്യ ബാച്ചിന്റെ പഠനം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഗൃഹകേന്ദ്രീകൃത പാലിയെറ്റിവ് കെയർ പരിശീലനകേന്ദ്രത്തിലാണ് ടി കോഴ്സിലെ പഠിതാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി വരുന്നത് എന്നും, ആരോഗ്യ മേഖലയിലെ ഡോക്ടർമാർ, നേഴ്സുമാർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തി നടത്തുന്ന ഈ കോഴ്സിന്റെ രണ്ടാം ബാച്ച് മുതൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള പാലിയേറ്റിവ് കെയർ കേന്ദ്രങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത് ഈ കോഴ്സിന്റെ നടത്തിപ്പിന് ഗുണകരമായിരിക്കുമെന്നും ആയതിന് ആരോഗ്യ വകുപ്പിന് തടസ വാദങ്ങൾ ഒന്നും ഇല്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത ചുവടെ ചേർക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പാലിയേറ്റിവ് കെയർ സെന്ററുകൾ സ്കോൾ-കേരളയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സിന്റെ പഠന കേന്ദ്രങ്ങളായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജില്ല | അനുവദിച്ച പാലിയേറ്റിവ് കെയർ സെന്റർ |
|---|---|---|
| 1 | തിരുവനന്തപുരം | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, തിരുവനന്തപുരം |
| 2 | കൊല്ലം | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, കൊല്ലം |
| 3 | പത്തനംതിട്ട | ജില്ലാ ആശുപത്രി, പത്തനംതിട്ട |
| 4 | ആലപ്പുഴ | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, ആലപ്പുഴ |
| 5 | ഇടുക്കി | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, തൊടുപുഴ |
| 6 | കോട്ടയം | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, കോട്ടയം |
| 7 | എറണാകുളം | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, ആലുവ |
| 8 | തൃശൂർ | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റിവ് കെയർ, തൃശൂർ |
| 9 | മലപ്പുറം | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ |
| 10 | പാലക്കാട് | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, പാലക്കാട് |
| 11 | കോഴിക്കോട് | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, താലൂക് ആശുപത്രി, താമരശ്ശേരി, കോഴിക്കോട് |
| 12 | കണ്ണൂർ | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, കണ്ണൂർ |
| 13 | വയനാട് | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, താലൂക് ആസ്ഥാന ആശുപത്രി സുൽത്താൻ ബത്തേരി, വയനാട് |
| 14 | കാസറഗോഡ് | ജില്ല പാലിയേറ്റിവ് കെയർ സെന്റർ, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ്ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 30-01-2025 13:55:46

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.